# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 530

01.12.2015-ൽ മറുപടിക്ക്

## ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ്: | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ ബഹു. ഹൈക്കോടതി എടുത്ത് കളഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ; | (എ) സർക്കാരിന്റെ 08.10.1960 ലെ ജി.ഒ (എം.എസ്) 795/1960/അഗ്രി നമ്പർ ഉത്തരവ് പ്രകാരം (SRO നമ്പർ 75/60), 1959 ലെ കേരള സ്റ്റാമ്പ് നിയമപ്രകാരവും, രജിസ്ട്രേഷൻ നിയമപ്രകാരവും ഉള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, കുടിക്കട സർട്ടിഫിക്കറ്റ് ഫീസ് എന്നിവയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചില സബ് രജിസ്ട്രാർമാർ ഇതിൽ നിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കുകയും സ്റ്റാമ്പ് ഡ്യൂട്ടി സംഘങ്ങളിൽ നിന്നും ഈടാക്കുകയും തുടർന്ന് ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതി മുൻപാകെ നിരവധി കേസുകൾ പരിഗണനയിൽ വരികയും ഏറ്റവും ഒടുവിലായി റിട്ട് അപ്പീൽ 1216/2007 ൽ ബഹു. ഹൈക്കോടതിയുടെ ഫുൾബഞ്ച് പുറപ്പെടുവിച്ച വിധിന്യായപ്രകാരം Transfer of |

(---2)

Property Act ന്റെ വ്യവസ്ഥകൾ പ്രകാരം, സംഘം എക്സിക്യൂട്ട് ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമേ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കുകയുള്ളുവെന്ന് വിധിച്ചിട്ടുണ്ട്. 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 40 (1) (a) പ്രകാരവും SRO 75/60 ലെ ക്ലോസ് (1) (a) പ്രകാരവും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുള്ളത്, സംഘമോ അല്ലെങ്കിൽ സംഘത്തിന് വേണ്ടിയോ അല്ലെങ്കിൽ സംഘത്തിന്റെ അംഗമോ എക്സിക്യൂട്ട് ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമാണെന്നും, സംഘം സ്ഥലം വാങ്ങുമ്പോൾ Transfer of Property Act ന്റെ വകുപ്പ് 55 പ്രകാരം, ആധാരം എക്സിക്യൂട്ട് ചെയ്യുന്നത് വിൽപ്പനക്കാരൻ ആണെന്നും ആയതിനാൽ ടി സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കില്ലെന്നുമാണ് വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.

(ബി) 1960 മുതൽ പ്രസ്തുത സംഘങ്ങൾക്ക് അനുവദിച്ച വരുന്ന ആനുകൂല്യം പുനഃസ്ഥാപിച്ച കിട്ടുന്നതിലേയ്ക്കായി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നടപടി ഭൂമാഫിയകളുടെയും റിയൽ എസ്റ്റേറ്റ് മാഫിയകളുടെയും ഇടയിൽപ്പെട്ട് വീർപ്പുമുട്ടുന്ന സംഘങ്ങളുടെ നിലനിൽപ്പിനെ

(ബി) യും (സി) യും ബന്ധപ്പെട്ട സർക്കാർ ഉത്തരവിലും നിയമവ്യവസ്ഥയിലും ഭേദഗതി ആവശ്യമാണ്. സംഘങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ ഭേദഗതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(--- 3)

ബാധിക്കുന്നതായതിനാൽ സംഘ ങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്യുമ്പോഴും അംഗങ്ങൾക്ക് പതിച്ച നൽകുമ്പോഴു മുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ എന്ന ആനുകൂല്യം പുനഃസ്ഥാപിച്ച് ലഭിക്കുന്നതിന് നിയമനിർമ്മാണം, എക്സിക്യൂട്ടീവ് ഓർഡർ, ഓർഡിനൻ സെസ് എന്നിവയിൽ ഏതെങ്കിലും ഒരു നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ; ഇല്ലെങ്കിൽ എന്തു കൊണ്ട്?

**സെക്ഷൻ ഓഫീസർ**